ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 08.10.2026

പ്രധാന വാർത്തകൾ

TIME : 07.25 AM

## പ്രധാന വാർത്തകൾ

1. പത്താമത് ഇന്ത്യ മൊബൈൽ കോൺഗ്രസ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് -ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.'അതിരുകളില്ലാത്ത വളർച്ച' ഇത്തവണത്തെ പ്രമേയം.

   Prime Minister Narendra Modi will inaugurate the 10th edition of India Mobile Congress (IMC) at Yashobhoomi in New Delhi today. 'Scale Without Boundaries' is the theme of IMC 2026 .

2. ജി.എസ്.ടി കൗൺസിലിൻറെ 57-ാമത് യോഗം കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമന്റെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ ചേരും.

   The 57th meeting of the GST Council, chaired by Union Finance Minister Nirmala Sitharaman, will be held in New Delhi today.

3. ആഗോള വിപണിയിൽ കൃത്രിമ പ്രതിസന്ധികൾ സൃഷ്ടിക്കുന്ന വിപണി ഇതര നയങ്ങൾ തടയുന്നതിനുള്ള കരാറിൽ അമേരിക്കയോടൊപ്പം ഇന്ത്യയും മറ്റു 13 രാജ്യങ്ങളും ഒപ്പുവെച്ചു.

India has joined the United States and 13 other economies in signing a joint ministerial statement calling for measures to address structural excess capacity and production and curb non-market policies that distort global markets.

4. രാജ്യം 94-ാമത് വ്യോമസേനാ ദിനം ഇന്ന് ആഘോഷിക്കുന്നു. രാജ്യമെമ്പാടും വിപുലമായ പരിപാടികൾ

The 94th Indian Air Force Day will be celebrated today. A series of programmes are being held across the country.

5. കേരളത്തിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. അഞ്ച് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

The India Meteorological Department has forecast widespread rain in Keralam. Yellow alert has been issued in five districts today.

6. പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷം. സൗദി അറേബ്യയിലെ രണ്ട് വിമാനത്താവളങ്ങളിൽ ഇറാൻ പിന്തുണയുള്ള സായുധ സംഘം നടത്തിയ ആക്രമണത്തിൽ മൂന്ന് മരണം.

**Tensions in the West Asia escalated after Iran-backed armed group Houthi attacked two airports in Saudi Arabia, killing three people.**

❁❁❁❁❁❁❁❁❁❁❁❁❁

## . PM – INDIA MOBILE CONGRESS

ഇന്ത്യ മൊബൈൽ കോൺഗ്രസിന്റെ പത്താം പതിപ്പ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിലെ യശോഭൂമിയിൽ ഉദ്ഘാടനം ചെയ്യും.'അതിരുകളില്ലാത്ത വളർച്ച'എന്നതാണ് ഐ.എം.സി 2026-ന്റെ പ്രമേയം . ടെലികമ്മ്യൂണിക്കേഷൻ, ഡിജിറ്റൽ കണക്റ്റിവിറ്റി, സാങ്കേതിക നവീകരണം എന്നിവയിൽ ഇന്ത്യ കൈവരിച്ച ശ്രദ്ധേയമായ പുരോഗതി സമ്മേളനത്തിൽ പ്രദർശിപ്പിക്കും.

4 ദിവസം നീളുന്ന പരിപാടി ടെലികമ്മ്യൂണിക്കേഷൻ വകുപ്പും സെല്ലുലാർ ഓപ്പറേറ്റേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയും ചേർന്നാണ് സംഘടിപ്പിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## GST COUNCIL- MEETING

57-ാമത് ജി.എസ്.ടി കൗൺസിൽ യോഗം കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമന്റെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കും. ജിഎസ് ടി തർക്ക പരിഹാരം, നികുതി വരുമാന വർദ്ധന എന്നിവയ്ക്ക് ആവശ്യമായ പരിഷ്കാരങ്ങളെക്കുറിച്ച് യോഗം ചർച്ച

ചെയ്യും. അഞ്ചിന പരിഷ്കരണ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ യോഗത്തിൽ മുന്നോട്ട് വയ്ക്കുമെന്ന് ധനമന്ത്രാലയ വൃത്തങ്ങൾ അറിയിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

## J P NADDA - TB MUKTH

ക്ഷയരോഗത്തിനെതിരായ ഇന്ത്യയുടെ പോരാട്ടത്തിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് ജോയിന്റ് സ്ക്വാഡ് ഫോർ ഹെൽത്ത് - ജോഷ് ടീമുകൾക്ക് ഇന്ന് തുടക്കമാകും. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ ടീമുകളുടെ ദേശീയതല ഉദ്ഘാടനം നിർവ്വഹിക്കും. ആദ്യ ഘട്ടത്തിൽ, യുവജനങ്ങളുടെ നേതൃത്വത്തിലുള്ള ജനകീയ മുന്നേറ്റം ശക്തിപ്പെടുത്തുന്നതിനും 'ക്ഷയരോഗമുക്ത ഭാരതം' എന്ന സന്ദേശം താഴെത്തട്ടിലേക്ക് എത്തിക്കുന്നതിനുമായി 11 സംസ്ഥാനങ്ങളിലെ 55 ജില്ലകളിലാണ് ജോഷ് ടീമുകളെ വിന്യസിക്കുന്നത്.

❋❋❋❋❋❋❋❋❋❋❋❋❋

## INDIA - USTR

ആഗോള വിപണിയിൽ കൃത്രിമ പ്രതിസന്ധികൾ സൃഷ്ടിക്കുന്ന വിപണി ഇതര നയങ്ങൾ തടയുന്നത് ലക്ഷ്യമിട്ടുള്ള കരാറിൽ അമേരിക്കയോടൊപ്പം ഇന്ത്യയും മറ്റു 13 രാജ്യങ്ങളും ഒപ്പുവെച്ചു. കഴിഞ്ഞ ദിവസങ്ങളിൽ വിസ്കോൺസിനിലെ മിൽവാക്കിയിൽ നടന്ന ജി 20 വ്യാപാര മന്ത്രിമാരുടെ ചർച്ചകൾക്ക് ശേഷമാണ്

15 പ്രമുഖ സാമ്പത്തിക ശക്തികൾ കരാറിൽ ഒപ്പുവച്ചത്. വിപണിയുടെ സ്വാഭാവികത തകർത്തുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങൾ അവസാനിപ്പിക്കണമെന്നും, രാജ്യങ്ങളിലെ അമിത ഉൽപ്പാദനം ഒഴിവാക്കാൻ കർശന നടപടികൾ സ്വീകരിക്കണമെന്നും കരാർ വ്യവസ്ഥ ചെയ്യുന്നു.

## INTERNATIONAL SOLAR ALLIANCE

പ്രധാനമന്ത്രി നരേന്ദ്രമോദി, പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുകയാണ്. അന്താരാഷ്ട്ര സൗര സംഖ്യം പോലുള്ള സംരംഭങ്ങളിലൂടെ 2047-ഓടെ 'വികസിത ഭാരതം' എന്ന ലക്ഷ്യം കൈവരിക്കാനായി കേന്ദ്രസർക്കാർ നടത്തുന്ന പ്രവർത്തനങ്ങളെ കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയിൽ ഇന്ന്. 2015 നവംബറിൽ നടന്ന COP21 കാലാവസ്ഥാ ഉച്ചകോടിക്കിടെയാണ് ഇന്ത്യയും ഫ്രാൻസും ചേർന്ന് അന്താരാഷ്ട്ര സൗര സംഖ്യത്തിന് തുടക്കമിട്ടത്. സൗരോർജ്ജം ഉപയോഗിച്ച് ഊർജ്ജ ലഭ്യത, ഊർജ്ജ സുരക്ഷ, സുസ്ഥിര വികസനം എന്നിവ ഉറപ്പാക്കുന്നതിന് സൗരസഖ്യം സുപ്രധാന പങ്ക് വഹിക്കുന്നു.

## WATER METRO (INTRO)

ജനസേവനത്തിലൂടെ രാഷ്ട്രസേവനം എന്ന പ്രത്യേക പരമ്പരയിൽ ഇന്ന്, ഈ ദർശനം എങ്ങനെ

പ്രവർത്തനത്തിലേക്ക് പരിണമിച്ചുവെന്നതിന്റെ ഉദാഹരണമായി കേരളത്തിലെ കൊച്ചി വാട്ടർ മെട്രോ സർവീസിനെ പരിചയപ്പെടുത്തുന്നു.

**ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി തയ്യാറാക്കിയ റിപ്പോർട്ട്...**

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

## SEVA SANKALP BIKE YATRA

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജന്മദിനമായ സെപ്റ്റംബർ 17-ന് ഗുജറാത്തിലെ വാഡ്നഗറിൽ നിന്ന് ആരംഭിച്ച 'സേവാ സങ്കൽപ് ബൈക്ക് യാത്ര' ഇന്നലെ സമാപിച്ചു. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

## SEVA JYOTHI

പ്രധാനമന്ത്രി നരേന്ദ്രമോദി പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്നതിനോടനുബന്ധിച്ച് ബിജെപി തൃശൂർ സിറ്റി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ 'സേവാ ജ്യോതി' ബൈക്ക് റാലിയും പൊതുസമ്മേളനവും നടന്നു. ശക്തൻ നഗറിൽനിന്ന് ആരംഭിച്ച ബൈക്ക് റാലി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. തുടർന്ന് ടൗൺഹാളിൽ നടന്ന പൊതുസമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി വീഡിയോ

കോൺഫറൻസിലൂടെ രാജ്യത്തെ ജനങ്ങളെ അഭിസംബോധന ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁

## ENROLLMENT DRIVE

കേരളത്തിൽ വോട്ടർപട്ടികയിൽ പേരു ചേർക്കുന്നതിനും, തെറ്റുതിരുത്തുന്നതിനുമായി സംസ്ഥാനവ്യാപകമായി പ്രത്യേക എൻറോൾമെന്റ് ഡ്രൈവ് സംഘടിപ്പിക്കാൻ തീരുമാനിച്ചതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡി.സജിത് ബാബു. ഈ മാസം 15 മുതൽ 31 വരെ വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് ഫോം വിതരണവും ഡിജിറ്റൽ ഹെൽപ് ഡെസ്ക്കുകളും പ്രവർത്തിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## AIR FORCE DAY(INTRO)

രാജ്യം ഇന്ന് 94-ാമത് വ്യോമസേനാ ദിനം ആഘോഷിക്കുന്നു. ഇന്ത്യൻ വ്യോമസേന – അജയ്യവും, കുറ്റമറ്റതും, കൃത്യതയുള്ളതും എന്നതാണ് ഈ വർഷത്തെ പ്രമേയം. ദിനാചരണത്തിന്റെ ഭാഗമായി വ്യോമസേനാ ദിന പരേഡ്, പ്രദർശനം,വ്യോമാഭ്യാസ പ്രകടനം തുടങ്ങിയവ നടക്കും.

***വിശദാംശങ്ങളിലേക്ക്.....***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

## AIR FORCE DAY(VOICE)

ജാഗ്രതയോടെയും ദൃഢനിശ്ചയത്തോടെയും രാജ്യത്തെ സംരക്ഷിക്കാൻ വ്യോമസേന എപ്പോഴും സജ്ജമാണെന്ന് വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ അമർ പ്രീത് സിങ് ആകാശവാണിയിലൂടെ നൽകിയ സന്ദേശത്തിൽ വ്യക്തമാക്കി. 'ഓപ്പറേഷൻ സിന്ദൂർ' സംയോജിത വ്യോമാക്രമണങ്ങളുടെ നിർണായക ശക്തി തെളിയിച്ചതായും, രാജ്യത്തിന്റെ പരമാധികാരം സംരക്ഷിക്കാനുള്ള സേനയുടെ പ്രാപ്തിയും ശേഷിയും പ്രകടമാക്കിയതായും അദ്ദേഹം പറഞ്ഞു. വായുശക്തി അഭ്യാസങ്ങൾ, വിവിധ ഉഭയകക്ഷി അഭ്യാസങ്ങൾ, ഡ്രോണത്തോൺ, തരംഗ് ശക്തി എന്നിവയുൾപ്പെടെ ഈ വർഷത്തെ പ്രധാന നാഴികക്കല്ലുകളിലൂടെ വ്യോമസേന യുദ്ധസജ്ജത പരിശോധിക്കുകയും അത്യാധുനിക സാങ്കേതികവിദ്യകൾ പ്രവർത്തന പദ്ധതികളിൽ അതിവേഗം ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്. പ്രതിസന്ധി ഘട്ടങ്ങളിൽ രാജ്യത്തെയും മനുഷ്യരാശിയെയും സംരക്ഷിക്കാൻ ഇന്ത്യൻ വ്യോമസേന മുൻനിരയിൽ ഉണ്ടെന്നും എയർ ചീഫ് മാർഷൽ വ്യക്തമാക്കി.

***ന്യൂസ് ഡെസ്ക് ആകാശവാണി***

## SAUDI – HOUTHI CONFLICT

പശ്ചിമേഷ്യയിൽ സംഘർഷാവസ്ഥ രൂക്ഷം. ഇറാന്റെ പിന്തുണയുള്ള സായുധസംഘമായ ഹൂതികൾ സൗദി

അറേബ്യയിലെ രണ്ട് വിമാനത്താവളങ്ങൾ ആക്രമിച്ചു. മൂന്ന് പേർ കൊല്ലപ്പെടുകയും 30-ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. അബ്ഹ വിമാനത്താവളത്തിന് നേരെയുണ്ടായ ആക്രമണത്തിൽ രണ്ട് പേരും കിങ് ഖാലിദ് വിമാനത്താവളത്തിന് നേരെയുണ്ടായ ആക്രമണത്തിൽ ഒരാളുമാണ് കൊല്ലപ്പെട്ടത്. അതേസമയം, യെമന്റെ തെക്കുപടിഞ്ഞാറൻ തീരത്തെ തന്ത്രപ്രധാന മേഖലകളുടെ നിയന്ത്രണം തിരിച്ചുപിടിച്ചതായി ഹൂതി നേതാക്കൾ അറിയിച്ചു. എന്നാൽ, യെമൻ ഭരണകൂടം ഇത് നിഷേധിച്ചു.

**RANDHIR JAISWAL(INTRO)**

റഷ്യ- യുക്രെയ്ൻ വിഷയത്തിൽ, ചർച്ചകളും നയതന്ത്രവുമാണ് മുന്നോട്ടുള്ള വഴി എന്നതാണ് ഇന്ത്യൻ നിലപാടെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. ഇത് യുദ്ധത്തിന്റെ യുഗമല്ലെന്നും ഒരു പ്രശ്നത്തിനും യുദ്ധക്കളത്തിൽ പരിഹാരം കണ്ടെത്താനാകില്ലെന്നും പ്രധാനമന്ത്രി വ്യക്തമാക്കിയിട്ടുള്ളതാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

**(വോയ്സ്)………**

റഷ്യൻ സൈന്യത്തിലുള്ള അവശേഷിക്കുന്ന ഇന്ത്യൻ പൗരന്മാരെ മോചിപ്പിക്കുന്നതിനായി റഷ്യൻ അധികൃതരുമായി

തുടർച്ചയായി ബന്ധപ്പെട്ടു വരികയാണെന്നും ശ്രീ.രൺധീർ ജയ്സ്വാൾ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## RAIN KERALAM

കേരളത്തിൽ ഇന്ന് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, കോട്ടയം,എറണാകുളം, ഇടുക്കി, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

8 ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതാ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## TABLE TENNIS

ചൈനയിൽ നടക്കുന്ന WTT Grand Smash ടേബിൾ ടെന്നീസിൽ ഇന്ത്യൻ താരങ്ങൾ സെമിയിൽ കടന്നു. മിക്സഡ് ഡബിൾസിൽ മനുഷ് ഷായും ദിയ ചിതാലെയും റൊമാനിയൻ സഖ്യത്തെ പരാജയപ്പെടുത്തിയാണ് ഈ ചരിത്രനേട്ടം സ്വന്തമാക്കിയത്.

❁❁❁❁❁❁❁❁❁❁❁❁❁

## ASIAD-PARA-FLAGBEARER

ജപ്പാനിലെ ഐച്ചി-നഗോയയിൽ ഈ മാസം 18 മുതൽ 24 വരെ നടക്കുന്ന ഏഷ്യൻ പാരാ ഗെയിംസിൻറെ ഉദ്ഘാടന ചടങ്ങിൽ പാരാലിമ്പിക്സ് ചാമ്പ്യൻമാരായ പ്രമോദ് ഭഗത്തും, ഭാവിന പട്ടേലും ഇന്ത്യൻ പതാകയേന്തും. ഗെയിംസിൽ പങ്കെടുക്കുന്ന

ഇന്ത്യൻ താരങ്ങൾക്ക് പാരാലിമ്പിക് കമ്മിറ്റി ഓഫ് ഇന്ത്യ ഇന്ന് ഔദ്യോഗിക യാത്രയയപ്പ് നൽകും. കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ, സഹമന്ത്രി രക്ഷ ഖഡ്സേ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## SUMMIT- WOMEN AND CHILD DEVELOPMENT

വനിതാ-ശിശു വികസന വകുപ്പിന്റെ ഉച്ചകോടി ഇന്ന് ന്യൂഡൽഹിയിൽ നടക്കും. ദേശീയ മുൻഗണനകളിൽ കൂട്ടായ ഉത്തരവാദിത്തം ഉറപ്പാക്കുക, കേന്ദ്ര-സംസ്ഥാന സഹകരണം കൂടുതൽ ശക്തമാക്കുക എന്നീ ലക്ഷ്യങ്ങളോടെയുള്ള ഉച്ചകോടികളുടെ പരമ്പരയിലെ രണ്ടാമത്തേതാണ് ഇത്. മെച്ചപ്പെട്ട പോഷണവും പ്രാരംഭ വിദ്യാഭ്യാസവും ഉറപ്പാക്കുന്നതിന് അങ്കണവാടി കേന്ദ്രങ്ങളെ പുനഃക്രമീകരിക്കുക, കുട്ടികളുടെ സംരക്ഷണ സംവിധാനം ശക്തിപ്പെടുത്തുക, സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുക, പ്രധാന പദ്ധതികളുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും വർധിപ്പിച്ച് സ്ത്രീശാക്തീകരണം ശക്തിപ്പെടുത്തുക എന്നിവയാണ് ഉച്ചകോടിയുടെ പ്രധാന വിഷയങ്ങൾ.